**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 343** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്ര സമൂഹങ്ങൾക്കായുള്ള ചികിത്സാ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പട്ടികഗോത്ര സമൂഹങ്ങളിൽ കാണുന്ന സിക്കിൾസെൽ അനീമിയ രോഗബാധയ്ക്ക് ഫലപ്രദമായ എന്തെല്ലാം ചികിത്സകളാണ് നിലവിൽ നൽകിവരുന്നതെന്ന് അറിയിക്കാമോ; | (എ) | സിക്കിൾ സെൽ രോഗികളുടെ ചികിത്സയ്ക്കായി ഫലപ്രദമായ ഒരു ചികിത്സ ഇനിയും കണ്ടുപിടിച്ചിട്ടില്ല. എന്നാൽ രോഗബാധിതർക്ക് ആശ്വാസമേകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വഴി "സാന്ത്വനം" പദ്ധതി നടപ്പിലാക്കി വരുന്നു. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സിക്കിൾ സെൽ ഡിറ്റക്ഷനുമായി ബന്ധപ്പെട്ട് ഹോസ്റ്റലുകളിലും സ്കൂളുകളിലും ഊരിലുമുള്ള കുട്ടികൾക്കും, രക്തപരിശോധനയും, സിക്കിൾ പരിശോധനയും, ജനറ്റിക് കൗൺസിലിംഗും നടത്തി വരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകിവരുന്നു. സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കിടയിൽ 770 സിക്കിൾ സെൽ അനീമിയ രോഗികളാണ് നിലവിലുള്ളത്. പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ ബാധിതർക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവശ്യമരുന്നും ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 2500/- രൂപ വീതം ധനസഹായമായി നൽകി വരുന്നു. ഈ രോഗത്തിനുള്ള ചികിത്സ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിൽ നിന്നാണ് നൽകിവരുന്നത്. |
| (ബി) | കാട്ടുമൃഗങ്ങളുടെ ആവാസകേന്ദ്രത്തോട് അടുത്തുകഴിയുന്നവരായ ആദിവാസികൾക്കിടയിൽ ജന്തുജന്യ രോഗങ്ങൾ ഉണ്ടാകാറുണ്ടോ; ആരോഗ്യ, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് ഇത്തരം രോഗനിവാരണത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ; | (ബി) | കാട്ടുമൃഗങ്ങളുടെ ആവാസകേന്ദ്രത്തോടടുത്ത് കഴിയുന്ന വരായ പട്ടികവർഗ്ഗക്കാർക്കിടയിൽ ജന്തുജന്യ രോഗ ബാധകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം രോഗബാധ യുണ്ടാകുന്ന സാഹചര്യങ്ങളിൽ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ചികിത്സ ഒരുക്കുന്നതിനും ഗോത്രഭാഷയിൽ ഉൾപ്പടെയുള്ള ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ICMR-ന്റെ കീഴിൽ പ്രവർത്തിക്കുന്ന Vector Control Research Centre (Pondicherry)-മായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ |

| | | | |
|---|---|---|---|
| | | | ഡിസീസസ് (SIAD) സഹകരിച്ചു പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗ മേഖലകളിലെ ജന്തുജന്യരോഗങ്ങൾ പ്രതിരോധിക്കാനും നിയന്ത്രിക്കാനുമുള്ള നടപടികൾ സംസ്ഥാന ആരോഗ്യ വകുപ്പ് മുഖാന്തരം നടത്തിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് പോലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ മൃഗ സംരക്ഷണ വകുപ്പ് ജന്തുജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകാരോഗ്യം (one health) നടപ്പിലാക്കുന്നതിനും വെറ്ററിനറി പൊതുജനാരോഗ്യം തുടങ്ങുന്നതിനും മൃഗസംരക്ഷണ വകുപ്പ് ആലോചിക്കുന്നുണ്ട്. |
| (സി) | ആദിവാസി ഗോത്രസമൂഹങ്ങളിൽ ആധുനിക ചികിത്സാ സമ്പ്രദായം അനുവർത്തിക്കുന്നതിനും കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ആദിവാസി ഗോത്രസമൂഹങ്ങളിൽ ആധുനിക ചികിത്സാ സമ്പ്രദായം അനുവർത്തിക്കുന്നതിനായും കൂടുതൽ ചികിത്സ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ആദിവാസി ഗോത്രസമൂഹങ്ങളിൽ ആധുനിക ചികിത്സാ സമ്പ്രദായം അനുവർത്തിക്കുന്നതിനും പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് "പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി".

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/- രൂപ വരെയുള്ള ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽകോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള പട്ടികവർഗ്ഗ രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, റീജിയണൽ കാൻസർ സെന്റർ തുടങ്ങിയവയിൽ സൗജന്യ ചികിത്സ നൽകി വരുന്നു. ഇത്തരം ആശുപത്രികളിൽ ചികിത്സാ ചെലവ് 50,000/- രൂപയിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചികിൽസ ചെലവ് അനുവദിക്കുന്നു. ആശുപത്രികളിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ പുറമേ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ലാബ് ടെസ്റ്റുകൾക്കുള്ള ചെലവ്, ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടി വരുന്ന ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കൽ തുടങ്ങിയവയും ഈ പദ്ധതിയുടെ കീഴിൽ സൗജന്യമായി നടപ്പിലാക്കുന്നു. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/വാഹനവാടക, ആശുപത്രികളിൽ പ്രവേശിപ്പിച്ച രോഗികളായവർക്ക് സൗജന്യഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150/- രൂപ ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200/- രൂപ എന്നിവയും അനുവദിച്ചു നൽകുന്നു.

സെക്ഷൻ ഓഫീസർ